# റമ്പാൻപാട്ട്

സാക്ഷാൽ ദൈവം മൂവ്വൊരുവൻതാൻ
മാർത്തോമ്മായുടെ സുകൃതത്താൽ
സൂക്ഷ്മമതായീ ചരിതംപാടുവ-
തിന്നടിയനുതുണയരുളേണമെ.
മർത്ത്യാവതാരം ചെയ്തൊരുഞങ്ങടെ
രക്ഷകനാമേകൻ മിശിഹാ (1)
മാർത്തോമ്മായാൽതന്നഗുണങ്ങൾ
ഇന്നുംപുതുതായരുളണമെ,
ദൈവഗുണങ്ങൾക്കമ്മയിതെന്നായ്
മാർത്തോമ്മാകാട്ടിയനാഥൻ
തന്നുടെ മാതാവാകിയമറിയം (2)
എന്നിൽകൃപ ചെയ്തരുളണമെ
ദൈവകുമാരൻതന്നുടെ മാർഗ്ഗം
കേരളമായതിൽവന്നവിധം
ദൈവത്തിൻ കൃപയാലതിനേ ഞാൻ
എളുതായിവിടെപാടുന്നു
അരുൾമാർഗ്ഗത്തിൻഗുരുവരനാകിന
മമ്നാമകനാംമാർത്തോമ്മാ
പെരുമാൾചോഴൻറാളായുള്ളൊ-
രാവാനോടുസഹിതംകൂടി
അറബിയായിൽക്കപ്പൽകയറി
മാല്യാൻകരെവന്നെത്തിയിത
അറിവിൻപറവെൻമിശിഹാക്കാലം
അൻപതുധനുവംരാശിയതിൽ.
അതിശയകൃതിയാലഷ്ടദിനെകൊ
ണ്ടവിടെമാർഗ്ഗം സ്ഥാപിച്ചു.

---

(1) 6 രക്ഷകനീശോതന്നുടെശ്ലീഹാ
(2) 10 മാർത്തോമ്മാകാട്ടിയനാഥൻ
11 തന്നുടെമാതാവാകിയമറിയം

www.nasranifoundation.org

അതിനുടെശേഷംധൃതഗതികൊണ്ടു
ഉടനെമൈലാപ്പൂരെത്തി
നാലരമാസംതാനവിടെയറിയി-
ച്ചതിൽപിൻചീനത്തെത്തി.
നാലരമാസമവിടെയുമറിയി-
ച്ചങ്ങനെമൈലാപ്പൂർവന്നു.
ഏതാനും ചിലമുതലുകൾകൂടെ
ചോഴപ്പെരുമാളിൽനിന്നു
ഏതാനുംചിലപണികൾക്കായി
വീണ്ടുംമാർത്തോമ്മാവാങ്ങി.
എളിയജനങ്ങടെയാദരവിന്നായ്
ആമുതലെല്ലാം ചിലവാക്കി
എളിയജനത്തിൻദാതാവായി-
ട്ടറിയിച്ചുതാൻമാർഗ്ഗത്തെ
ഒരുമാസത്തിന്നിടയിൽതിരികെ
കേരളനാട്ടിൽതാൻവരുവാൻ
തിരുവഞ്ചിക്കുളത്തരചൻമരുമക-
നാദേശത്തിൽചെന്നെത്തി
തൃക്കാൽമുത്തിയപേക്ഷകഴിച്ചു
കപ്പലിൽയാത്രഅവർചെയ്തു.
തർക്കംകുടാതമ്പത്തൊന്നാം
ധനുവിൽമാല്യാങ്കരെവന്നു.
രാജകുടുംബത്തോടെകാവ്യർ
മൂവായിരമവിശ്വാസികളും (3)
രാജ്യത്തിങ്കൽവന്നുവസിക്കും
നാല്പതുയ്യൂദഗണങ്ങളുമായ് (4)
ഒന്നരവർഷങ്ങൾക്കുള്ളിടയിൽ
മാമ്മോദീസാകൈക്കൊണ്ടു.
വന്ദനങ്ങൾക്കായ് സ്ഥാപിച്ചിവിടെ

---

(3) 50॰നാലായിരമവിശ്വാസികളും
(4) 52॰നാൽപതുയ്യൂദഗണങ്ങളുമായ്

56 സ്ലീവായോടെആലയവും
57 വേദഗുരുക്കളുമാചാര്യർകളു-
58 മാവാനായൊരുനന്മകളും
59 വേദരഹസ്യത്തിന്നറിവുകളും
60 പരസമ്മതമായ്താൻനൽകി
61 അരചാളുന്നൊരുമന്നവനാകും
62 അന്ത്രയോസെന്നാളുടെ
63 മരുമകനാകുംകെപ്പായിക്കു
64 കല്പിച്ചുതാൻഗുരുപ്പട്ടം
65 കല്ലാംകേപ്പായെക്കൂട്ടാക്കി
66 ദക്ഷിണദേശേതാൻപോയി.
67 കൊല്ലംഗ്രാമമതിലൊരുവർഷം
68 അറിയിച്ചുതാൻമാർഗ്ഗത്തെ
69 ഒരായിരമൊടുനാനൂർപേരെ (5)
70 മാമ്മോദീസായുംമുക്കി
71 ആരാധനകൾക്കായൊരുസ്ളീവാ
72 സ്ഥാപിച്ചുതനവിടത്തിൽ
73 കിഴക്കുവടക്കായ്നടകൊണ്ടങ്ങനെ
74 തൃക്പാലേശ്വരത്തെത്തി
75 അഴകാലവിടെയുമൊരുവർഷത്തിട
76 അറിയിച്ചുതാൻമാർഗ്ഗത്തെ
77 ഒരായിരമോടിരുനൂർപേരെ
78 മാമ്മോദീസായും മുക്കി
79 ആരാധനകൾക്കായൊരുസ്ലീവാ
80 സ്ഥാപിച്ചുതാനവിടേക്കും
81 കിഴക്കൻവഴിയായവിടുന്നുടനെ
82 മലനഗരംചായൽക്കെത്തി
83 പിഴയാതവിടെയുമൊരുവർഷത്തിട
84 അറിയിച്ചുതാൻമാർഗ്ഗത്തെ

---

(5) 69 , ഈരായിരമൊടുനാനൂർപേരെ

ഒരായിരമൊടൊരുനൂർപേരെ (6)
മാമ്മോദീസായുംമുക്കി
**ആരാധനമുറയോടേസ്ലീവാ**
സ്ഥാപിച്ചുതാനവിടേക്കും
തിരികെതാനവിടേക്കുവരുവാൻ
**തൃക്പാലേശ്വരമൂപ്പന്മാർ**
ഇരുവരുടേയുംമുട്ടിപ്പാലെ
അവരോടെതാൻയാത്രയുമായ്
ശുദ്ധതയോടിവർവന്ദിക്കുന്ന
സ്ലീവായെആ്രഗാമക്കാർ
അശുദ്ധതചെയ്തവർനിന്ദിച്ചതിനാൽ
ശാപംചെയ്തിതുഗ്രാമത്തെ
ഇരുമാസങ്ങൾക്കിടകൊണ്ടവിടെ
**കർമ്മാദികളെചെയ്‌വാനായ്**
**അരുൾവേദറിവുകൾസകലത്തേയും**
പരസമ്മതമായ് നൽകിതാൻ
**ഇരുമന്നവരിൽ തോമ്മായെതാൻ**
ഗുരുപ്പട്ടത്തിൽസ്ഥാപിച്ചു
ഇരുനൂർപേർക്കവിടത്തിൽവീണ്ടും
മാമ്മോദീസായുംചെയ്തു
അവിടത്തിൽമുൻസ്ഥാപിച്ചുള്ളൊരു
സ്ലാവായെ പിഴുതുടനെതാൻ
അവിടത്തിന്നെതിർതെക്കേഭാഗം
നിരണത്തിൽസ്ഥാപിപ്പാനായ്
ആചാര്യൻതോമ്മായെന്നാൾക്കും
ശെമ്മാശനുംതാനേൾപ്പിച്ചു
ആചാരത്തിനൊരാലയമവിടെ
കല്പിച്ചുടനെതാൻവാങ്ങി
വടമേക്കായ്നടകൊണ്ടുംഗാക്ക

---

(6) 8 · ഈരായിരമോടെണ്ണൂർപേരെ

www.nasranifoundation.org

114 മംഗലഗ്രാമേതാൻചെന്നു
115 പിഴയാതവിടെയുമൊരുവർഷത്തിട
116 അറിയിച്ചുതാൻമാർഗ്ഗത്തെ
117 ഓരായിരമോടറുനൂർപേരെ (7)
118 മാമ്മോദീസായുംമുക്കി.
119 ആരാധനമര്യാദകളോടെ
120 സ്ഥാപിച്ചവിടെസ്ലീവായും
121 അവിടുന്നുടനെനടകൊണ്ടങ്ങനെ
122 കോട്ടക്കായൽചെന്നെത്തി
123 അവിടയുമതുപോലൊരുവർഷത്തിട
124 മാർഗ്ഗത്തേയുമറിയിച്ചപ്പോൾ
125 ഒരായിരമൊടെഴുനൂറ്റെഴുപതു (8)
126 പേരേമാമ്മോദീസാമുക്കി
127 ആരാധന/സ്ലീവായൊടുമുറകൾ
128 കല്പിച്ചുതാനവിടേക്കും
129 തെക്കൻവഴിയായ്യാത്രപോയി
130 മാല്യാംകരയിൽചെന്നെത്തി
131 തക്കവിധംപോലൊക്കയുമവിടെ
132 കണ്ടതിനാൽസന്തോഷിച്ചു.
133 അരമാസത്തെപാർപ്പിനുശേഷം
134 ഉത്തരഭാഗേനടകൊണ്ടു
135 അരമാസത്തെയിടകൊണ്ടങ്ങനെ
136 പാലൂർഗ്രാമംചെന്നെത്തി
137 ഒരുവർഷത്തിടയവിടങ്ങളിലും (9)
138 മാർഗ്ഗത്തെയറിയിച്ചപ്പോൾ
139 ഒരായിരമൊടമ്പതുപേരെ

---

(7) 117- ഓരായിരമോടൊരുനൂർപേരെ
117 - ഓരായിരമോടഞ്ഞൂർപേരെ

(8) 125 - ഓരായിരമോടൊരുനൂറ്റെഴുപതു
125 , ഈരായിരമോടേയിരുനൂർപെർ
126 . മാമ്മോദീസാമുങ്ങി

(9) 137 - ഒരുമാസത്തിടയവിടങ്ങളിലും

മാമ്മോദീസാമുക്കിയശേഷം (10)
വന്ദനനിഷ്ഠകളെല്ലാറ്റേയും
ആയവരൊക്കെച്ചെയ്‌വാനായ്
സുന്ദരഭാഷയിലൊരുസ്ലീവായും
സ്ഥാപിച്ചുതാനവിടത്തിൽ
അമ്പത്തൊൻപതുകന്നിയുടന്ത്യം
ചോഴന്റാളുംവന്നെത്തി
ഇമ്പത്തോടവരോടേതാനും
മൈലാപ്പൂർക്കായ്നടകൊണ്ടു
കോവിലകത്തിൻപണിയുടെകാര്യം
ചോഴപ്പെരുമാൾചോദിച്ചു (11)
കോവിലകപ്പണികാണാഞ്ഞതിനാൽ
തന്നെവിലങ്ങിൽപാർപ്പിച്ചു
കോപാധിക്യവശക്കേടാലെ
മരണംപ്രാപിച്ചോൻതമ്പി
കോപമടക്കിത്തെളിവാൻതക്കോ-
രാലയമവനവിടെകണ്ടു.
ഉയിർപ്രാപിച്ചുടനതിനുടെവിസ്മയ-
മഗ്രജനോടറിയിക്കുന്നു.
നയനവിധമതിനേയവനാക്കാൻ
വളരെയപേക്ഷകൾചെയ്യുന്നു.
മന്നവരിരുവരുമവരുടെപരിചാ-
രകരെല്ലാവരുമൊരുമിച്ച്
ഉന്നതമായൊരു ഘോഷത്തോടെ
പാറാവിങ്കൽ ചെല്ലുന്നു.
മാർത്തോമ്മായെതങ്ങടെതേരിൽ
കേറ്റിക്കൊണ്ടവർപോകുന്നു.
തീർത്തുകൊടുപ്പാനവരുടെപിഴമേൽ
പൊറുതികൾവളരെയിരക്കുന്നു.

---

(10) 139. ഓരായിരമോടിരുനൂറ്റെമ്പതു
140. പേരേമാമ്മോദീസായുംമുക്കി.

(11) 149, 150 ഈ വരികൾ ചിലപ്രതികളിൽ കാണുന്നില്ല.

സത്യമറിവതിനാശിച്ചിട്ടവർ
ഓരോവിധമാംചോദ്യത്താൽ
സത്യമറിഞ്ഞിട്ടിരുവരുമുടനെ
മാമ്മോദീസായുംമുങ്ങി
അവരോടൊരുമിച്ചീരായിരജന-
മുടനെമാർഗ്ഗംകൈക്കൊണ്ടു.
അവരുടെയാരാധനസ്ലീവായും
ആലയവുംതാൻസ്ഥാപിച്ചു.
അഴകാലവിടെരണ്ടരവർഷം
മാർഗ്ഗത്തെതാനറിയിച്ചു.
ഏഴായിരജനമവിടത്തിൽതാൻ
മാമ്മോദീസായുംമുക്കി.
ചന്ദ്രപുരിയുടെയരചന്മാരാം
പത്രോസ്പൗലോസെന്നിവരിൽ
സുന്ദരനാംപൗലോസെന്നിപ്പോൾ
മേല്പട്ടംതാൻകല്പിച്ചു.
ആയാളുടെകീഴ്പാലകരാറു
വേദാചാര്യന്മാരേയും
ആയാളുടെആവിശ്വാസികളുടെ
ഭരണത്തിനായ്കല്പിച്ചു
അവരുടെആസ്തികൾസകലത്തേയും
എൾപ്പിച്ചുഅവർശ്ലീഹായെ
അവരുടെനടപടിയെല്ലാറ്റിനും
മര്യാദകൾതാൻനിയമിച്ചു. (12)
മലയാളത്തിനുതിരികെവരുവാൻ
താൻകരയാത്രചെയ്യുമ്പോൾ
മാലാകാമാരുടെതുണയാലെ
മലയാറ്റൂർതാൻവന്നെത്തി.
ഇരുമാസങ്ങളവിടങ്ങളിലും
മാർഗ്ഗത്തെതാനറിയിച്ചു.

---

(12) 189, 190, 191, 192 ഈ നാലു വരികൾ ചില പ്രതികളിൽ കാണുന്നില്ല.

www.nasranifoundation.org

ഇരുനൂറ്റിരുപതവിശ്വാസികളെ
താൻമാമ്മോദീസാമുക്കി.
അവിടെന്നുടനെനടകൊണ്ടങ്ങനെ
പാലൂർഗ്രാമംചെന്നത്തി
അവിടന്നങ്ങനെമാല്യാംകരവഴി
കോട്ടേക്കായൽചെന്നെത്തി
അവിടേന്നങ്ങനെഗോക്കമംഗലത്തും
കൊല്ലത്തുംതാൻചെന്നെത്തി
അവിടങ്ങളിലോരോവർഷം
ഗ്രാമംതോറുംതാൻപാർത്തു
ദേവാലയമോടാചാര്യരെയും
നടപടിയെല്ലാംവിധിചെയ്തു.
അവസാനത്തിൽമുറപോലവർമേൽ
റൂഹാവരവുംതാൻനൽകി
വീണ്ടുംനിരണത്താലയമതിലും
ഒരുവർഷത്തിടപാർക്കുമ്പോൾ
വേണ്ടവിധത്തിലവരുടെസുകൃതം
കണ്ടതിനാൽസന്തോഷിച്ചു.
അവസാനത്തിൽറൂഹാവരവും
ചെമ്മോർത്തുകളുംതാൻനൾകി
അവരിൽതോമ്മായാചാര്യനുമായ്
ചായൽമലയിൽചെന്നെത്തി.
ആലയമോടവിടാചാര്യനേയും
നടപടിമര്യാദകളെല്ലാം
ചേലോടൊരുവർഷത്തിന്നിടകൊ-
ണ്ടവിടേയുംതാൻസ്ഥാപിച്ചു.
കടശിയിൽറൂഹാദ്ക്കുദ്ശായുടെ
വരവും അവരിൽതാൻനൾകി
കടശിയിലുള്ളൊരുയാത്രവിവരവു-
മവരേടൈതാൻവെളിവാക്കി.
തന്നോടെപ്പോഴുംപിരിയാത്തൊ-
രൊന്നാംശിഷ്യൻകേപ്പായെ

തന്നുടെയങ്കിധരിപ്പിച്ചിട്ട-
ങ്ങയളുടെതലമേൽകൈവച്ചു (13)
തന്നുടെവിശ്വാസികളുടെഭരണം
ആയാളെതാനേൽപിച്ചതിനാൽ
തന്നേപ്പോലവർകൈക്കൊൾവാനും
വിരവോടെതാൻകല്പിച്ചു.
മറ്റുള്ളോരുടെനാമത്തെക്കാൾ
മാർത്തോമ്മായുടെനാമത്തെ
മുറ്റംസ്നേഹവണക്കത്തോടെ
ആശിച്ചേറ്റൊരാചാര്യൻ
മാളിയേക്കൽതോമ്മാനാമത്തി-
ന്നെന്നാളത്തെനിലനില്പും (14)
എള (ളു?) തായാളുടെപിതൃവഴിതോറും (15)
പട്ടക്കാരുടെ പിന്തുടർപ്പും
മറ്റുംപലപലചെമ്മോർത്തുകളും
അയാൾമേൽവരമായ്കല്പിച്ചു.
ചെറ്റുംഅറിവിൽകുറയാതുള്ളൊരു
റമ്പാന്മാരുടെസ്ഥാനമതും
മാർത്തോമ്മാകേരളരാജ്യത്തിൽ
എവൻഗേലിയോനറിയിച്ചെ-
ന്നൊർത്തറിവിന്നായപുസ്തകവും
ആതോമ്മായെഏൾപ്പിച്ചു.
യാത്രപറഞ്ഞുപിരിഞ്ഞൊരുസമയം
ഗാത്രമശേഷംനാഡിതളർന്നു
നേത്രാംബുക്ഷാളനരോദനവും
മിത്രജനങ്ങൾക്കത്രയുമുണ്ടായ് (16)

---

(13) 231 തന്നുടെ കുപ്പായമുടുപ്പിച്ചി
232 ട്ടയാളുടെ തലമേൽകയ്യുംവെച്ചു
(14) 241-242 ഈ രണ്ടുവരികൾ ചില പ്രതികളിൽ കാണുന്നില്ല.
(15) 243 എളയതായാളുടെ പിതൃവഴിതോറും
243 എളിതായാളുടെ പിതൃവഴിതോറും.
(16) 253: 254: 255: 256 ഈ വരികൾ ചില പ്രതികളിൽ കാണുന്നില്ല.

www.nasranifoundation.org

257 മലവഴിയാത്രമുവ്വരുമായി
258 ഏഴരനാഴികപോയിട്ടു
259 മാലാകാമാരുടെതുണയാലെ
260 പാണ്ടിവഴിക്കായ്തൻവാങ്ങി. (17)
261 അറുപത്തൊൻപതുമേടംരാശിയി-
262 ലെന്നുടെതാതൻമാർത്തോമ്മാ
263 അറിവിൽകുറവാംരാജ്യങ്ങൾക്കായ്
264 വാങ്ങുംവരെയുംതാൻചെയ്ത
265 അരുമകളേറുംപുതുമകളെത്ര
266 പെരുമയിലുള്ളവയാകുന്നു!
267 അരുതവയെല്ലാംവിവരത്തോടെ
268 ഇവിടെപറവാനൊരുവിധവും
269 അത്ഭുതരക്തമണിഞ്ഞൊരുകയ്യുടെ
270 സ്ലീവായടയാളത്താലെ
271 ഉത്ഭുവമാംപ്രത്യക്ഷത്തുകകൾ
272 എളുതായിവിടെപാടുന്നു.
273 ഇരുപത്തൊൻപതുമൃത്യുഭവിച്ച
274 നരരെതാൻ ജീവിപ്പിച്ചു.
275 ഇരുനൂറ്ററുപതുമർത്യന്മാരുടെ
276 സാത്താനെതാനോടിച്ചു.
277 ഇരുനൂറ്റിമുപ്പതുകുഷ്ഠക്കാരുടെ
278 ദേഹത്തെതാൻസുഖമാക്കി.
279 ഇരുനൂറ്റമ്പതുകുരുടന്മാരുടെ
280 കൺകാഴ്ചകളെതാൻനൾകി
281 ഇരുനൂറ്റിരുപതുശോഷിച്ചവരുടെ
282 കൈകാലുകളെകുറതീർത്തു. (18)

---

(17) 259 മാലാകായുടെ തുണയാൽശ്ലീഹാ
260 വാങ്ങിയവഴിക്കായ് യാത്രതിരിച്ചു

(18) 281 ഇരുനൂറ്റിരുപതുകൈകാൽനാസ്തി
282 ക്കാർക്കവയെപുതുതായ് താൻചെയ്തു
281 ഒരുനൂറ്റിരുപതുകൈകാൽനാസ്തി
282 ക്കാർക്കവയെപുതുതായ്താൻചെയ്തു

www.nasranifoundation.org

ഇരുപതുനരരുടെജിഹ്വവശക്കേ-
ടരുമവിധത്തിൽതാൻതീർത്തു.
അരുതെന്നെല്ലാവൈദ്യന്മാരു-
മുപേക്ഷിച്ചുള്ളൊരുരോഗികളെ
ഇരുനൂറ്റെമ്പതുപേരൊളുംതാ-
നുടനെസ്വസ്ഥതക്കാരാക്കി.
കാവ്യജനത്തിനന്ധതനീക്കി
സത്യഗുണം കൈക്കൊൾവാനായ്
ദൈവവശത്താലാകുംനന്മക- [19]
ളിത്രയുമധികംതാൻചെയ്തു
നരജാതിസ്വഭാവത്തിനുമേലായ്
തന്നിൽവിളങ്ങിനസുകൃതത്താൽ
നരരാത്മങ്ങൾപ**തിനേഴായിരത്തി**
**നാനൂ**റ്റെമ്പതുതാൻനേടി [20]
ആറായിരമൊടെണ്ണൂറ്റമ്പതു
ബ്രാഫ്മണജാതികളവരിൽ
ഇവരിൽകുറവാമീരായിരമൊ-
ടഞ്ഞൂറുനവദശ**ക്ഷത്രിയരും**
അപ്പോൾവൈശ്യർമൂവായിരമൊ-
ടെഴുന്നൂറ്റെമ്പതുആളുകളും
ഇപ്പോൾനാലായിരമൊടിരുനൂ-
റ്റെമ്പതുശൂദ്രജാതികളും [21]
ഈവിധമുള്ളൊരുമേൽജാതികളെ [22]
**മാർഗ്ഗത്തിൽ**താൻകൈയ്ക്കൊണ്ടു.

---

(19) 291 ദൈവഗുണത്താലാകുംനന്മക-

(20) 296 നാനൂറ്റമ്പതുതാൻനേടി.

(21) 296 മുതൽ 303 (രണ്ടും ഉൾപ്പെടെ) വരെ വരികൾ ചില പ്രതികളിൽ പാദങ്ങൾ കുറച്ചു താഴെ എഴുതുംവിധം കാണുന്നു.
നാനൂറ്റിതൊണ്ണൂറുബ്രഫ്മക്ഷത്രിയരും
അപ്പോൾവൈശ്യർമൂവ്വായിരമൊ-
ടെഴുനൂറ്റെമ്പതു ആളുകളും
ഇപ്പോൾനാലായിരമൊടൊരുനൂ-

(22) 305 ഈവിധമേൽജാതികളെയെല്ലാം

അവരിൽഇരുപെരുമാളന്മാരെ
മെത്രാന്മാരായ്സ്ഥാപിച്ചു.
ഗ്രമത്തലഏഴുമന്നവർമാരെ
ഗുരുപ്പട്ടത്തിൽകല്പിച്ചു.
ക്ഷേമത്തിന്നായവരിൽനാലുപേരെ
റമ്പാന്മാരായ് നിയമിച്ചു.
ഇരുപത്തൊന്നുപ്രഭുക്കന്മാർക്കായ
പൊതുമുതൽപരിപാലനനൾകി
ഒരുമിച്ചവരുടെ ഗുണപൂർത്തിക്കായ്
മറ്റുംനടപടികൽപിച്ചു.
താൻകല്പിച്ചൊരുനടപടിമുറകളി-
ലേതുംതെറ്റുകൾകൂടാതെ
താൻകല്പിച്ചഭരണക്കാരതു
വെണ്മപെടുത്തിനടത്തുമ്പോൾ (23)
പലപലരാജ്യങ്ങളിലുംതന്നുടെ
അരുൾമാർഗ്ഗത്തിന്നറിയിപ്പാൽ
പലജാതികളെമിശിഹാപക്കൽ
ചേർത്തൊരുശ്ലീഹാമാർത്തോമ്മാ
എഴുപത്തുരണ്ടാംകർക്കടകത്തിൽ
മൂന്നാംദിവസം പുലർകാലെ
വഴിയാത്രകനായ താൻചേരുന്നിതു
മൈലാപ്പൂരിൽചിന്നമലക്കു
കാളിക്കാവിൽപൂജയ്ക്കായ്ചെ-
ന്നെമ്പ്രാന്മാരുംഎതിർപെട്ടു
മൂളിക്കൊണ്ടവർവൈരംതീർപ്പാൻ
തന്നെവളഞ്ഞിവചൊല്ലുന്നു
കാവിൽവണങ്ങാത്താളുകളാരും
ഇന്നീവഴിയേപൊയ്ക്കൂടാ
കാവിൽവണങ്ങുകയെങ്കിൽ നിനക്കും
ഭക്ഷണമെല്ലാംതന്നീടാം

(23) 320 വെണ്മപെടുത്തിനടക്കുമ്പോൾ

www.nasranifoundation.org

കരവഴിയാത്രധൃതഗതിയാലെ
മൈലാപ്പൂരിനുനിയമിച്ചു.
മാലൊടുതാൻമാളിയക്ക, കടപ്പൂർ
ഇരുറമ്പാന്മാരുമായി
ചേലൊടുകർക്കടമിരുപത്തൊന്നിൽ
ഇവരുംദേവാലയമതിലായ്
ഇരുമേല്പട്ടക്കാരും അവരുടെ
പട്ടക്കാരുംകൂട്ടവുമായ്
ഒരുമിച്ചോരോജപധ്യാനാദികൾ
ഓരോവിധമാംപൂജകളും
ഒരുപത്തുദിവസംവരെയുംനിഷ്ഠകൾ
മുറിയാതായോർചെയ്യുമ്പോൾ
പെരിയോരുപ്രത്യക്ഷംതാനപ്പോൾ
അവരിൽചെയ്തിതുമാർത്തോമ്മാ.
സ്വർണ്ണമയംപോലുള്ളൊരുവെളിവുകൾ
ഇവർ മേലെല്ലാം വീശുന്നു
മണ്ണിൽപറവാൻവശമല്ലാത്തൊരു
വിണ്ണാലയമവർകാണുന്നു (27)
ചേലൊടുമുൻതാൻകണ്ടതിതെന്നു
പൗലോസുമെത്രാൻപറയുന്നു
നലമൊടുപലവിധസംഗീതങ്ങൾ
എല്ലാജനവുംകേൾക്കുന്നു.
അതിനുടെമഹിമകൾവർണ്ണിപ്പാനീ
മാനുഷർപോരാതാകുന്നു
അതിലങ്ങൊരുസിംഹാസനമതിലായ്
മാർത്തോമ്മാതാൻവാഴുന്നു
അമ്പൊടുപലവകഗുണദോഷങ്ങൾ
ഇവരോടുതാനരുളുന്ന
വമ്പായപലവകചെമ്മോർത്തുകളും

---

(27) 411 വർണ്ണംചൊൽവാൻവശമല്ലാത്തൊരു
412 പത്മാലയമിവർകാണുന്നു.

എന്നാളിനുമായ്നൾകുന്നു. (28)
എന്നുടെമരണംഓർക്കുംമക്കൾ-
ക്കെന്നാൽനന്മകളുണ്ടാകും
എന്നുടെകവറിൽവന്ദനംചെയ്‌വോ
ർക്കെല്ലാം നന്മകൾഞാൻചെയ്യും.
ഇവകളെയെല്ലാമരുളിയശേഷം
കാഴ്ചകൾമാറിതെളിവോടെ.
അവരവരോടരുളിച്ചെയ്തതുപോൽ
എല്ലാജനവും പിൻവാങ്ങി.
വമ്പോടുതോമ്മാഹെന്ദൊമതൊക്കയിൽ
മാർഗ്ഗംനൾകിയവൃത്താന്തം
അമ്പാൽമാളിയേക്കൽരണ്ടാംതോമ്മാ
റമ്പാൻചെയ്തൊരുചരിതമതിൽ
വിരിവുകൾമാറ്റീട്ടെളുതായീവിധ-
മെളിയവരറിവാൻപാടിയൊരു
വിരുതുകൾകുറയുംനാല്പത്തെട്ടാം
അയാളുടെ പിതൃവാംതോമ്മാമേൽ (29)
ശക്തിനിറഞ്ഞോൻതോമ്മാശ്ലീഹാ
നന്മകൾചെയ്താനീചരിതം
ഭക്തിയോടങ്ങേപാദത്തുങ്കൽ
വച്ചിതുകാഴ്ചയതിന്നറിവ്
ഒരായിരമൊടറുനൂറ്റൊന്നാം
കർക്കടകംമൂന്നാംദിവസം (30)
ആരാധനയോടിവയെല്ലാരും
അറിവാൻദൈവംകൃപചെയ്തു.

---

(28) 424 എന്നാളിലുമായ്നൽകുന്നു.

(29) 439, 440 ചിലപ്രതികളിൽ "നാല്പത്തെട്ടാം അയളുടെ പിതൃവാം" എന്ന വാക്കുകളെ ഉപേക്ഷിച്ചു "വിരുതുകൾ കുറയുംതോമ്മാമേൽ" എന്ന ഒരു പാദം മാത്രമായി കാണുന്നു.

(30) 446 കർക്കടകം ഒന്നാം ദിവസം

www.nasranifoundation.org